വി. സി. 12428/18

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി: 02/05/2018

# സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് – ഹരിത കേരളം പദ്ധതി - പച്ചക്കറി വികസന പദ്ധതി 2018-19 -നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന: ബഹു. കൃഷി മന്ത്രിയുടെ 20/03/2018 – ലെ യോഗത്തിലെ നിർദ്ദേശം.

വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് **'ഓണത്തിന് ഒരു മുറം പച്ചക്കറി'** എന്ന പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതിനോടനുബന്ധിച്ച് കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തു പായ്ക്കറ്റുകൾ കേരളത്തിലെ 42 ലക്ഷം സ്കൂൾ കുട്ടികൾക്കായി വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. ഗവണ്മെന്റ്, എയ്ഡെഡ്, അൺ എയ്ഡെഡ് സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ കുട്ടികൾക്ക് 10 രൂപ വിലവരുന്ന വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 42 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകേണ്ടതാണ്.

മേൽ പദ്ധതി സുതാര്യവും സമയബന്ധിതവുമായി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. പ്രസ്തുത പദ്ധതിയിലെ 42 ലക്ഷം വിത്തു പായ്ക്കറ്റുകൾ സ്കൂൾകുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഡയറക്ടർ പബ്ലിക് ഇൻസ്ട്രക്ഷനിൽ നിന്നും ലഭിച്ച സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ചുള്ളത് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.
2. ടി പരിപാടിയ്ക്ക് ആവശ്യമായ വിത്ത് പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. ലഭ്യമാക്കും. ഓരോ പഞ്ചായത്തിലെയും ഏതെല്ലാം സ്കൂളുകളിൽ എത്ര വിത്ത് പായ്ക്കറ്റുകൾ

നൽകണമെന്നുള്ള വിവരം കൃഷി ഓഫീസർമാർ പ്രിൻസിപ്പൽ കൃഷി ഓഫീസറെ അറിയിക്കേണ്ടതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അതതു ബ്ലോക്ക് തല ടാർജ്ജറ്റുകൾ വി.എഫ്.പി.സി.കെ. യെ 10/05/2018 നകം അറിയിക്കേണ്ടതാണ്. ബ്ലോക്ക് തല അസിസ്റ്റന്റ് ഡയറക്ടർ മാരുടെ ഫോൺ നമ്പർ സഹിതമുള്ള പേര് വിവരങ്ങളും വി.എഫ്.പി.സി.കെ. അറിയിക്കേണ്ടതാണ്.

3. സ്കൂളുകൾ തിരഞ്ഞെടുത്ത് വിത്ത് വിതരണം നടത്തുന്നതിനോടൊപ്പം പദ്ധതിയെ സംബന്ധിച്ച പ്രചരണം കുട്ടികൾക്കിടയിൽ നൽകേണ്ടതാണ്. തിരഞ്ഞെടുത്ത സ്കൂളുകളുടെ പേര് വിവരങ്ങൾ കൃഷി ഭവൻ തിരിച്ച് ചാർജ്ജുള്ള അദ്ധ്യാപകന്റെ പേര് സഹിതം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.
4. പച്ചക്കറി വിത്തു പായ്ക്കറ്റുകൾ എന്നിവ ജൂൺ 10 നകം വിതരണം ചെയ്തു തീർക്കാനുള്ള ആക്ഷൻ പ്ലാൻ ജില്ലകളിൽ തയ്യാറാക്കി 10/05/2018 നകം അയച്ചു തരേണ്ടതാണ്.
5. വാർഡുതലത്തിൽ പരിശീലനം ഉൾപ്പെടെയുള്ള കാമ്പയിനുകൾ നടത്തി പരിപാടിയ്ക്ക് പ്രചരണം നൽകി വിത്തു വിതരണം നിർവ്വഹിക്കേണ്ടതാണ്.
6. ജില്ലാ തലത്തിലും പഞ്ചായത്തു തലത്തിലും വിത്തു വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തേണ്ടതാണ്.
7. കുട്ടികൾക്ക് വിതരണത്തിനുള്ള ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകുന്നതാണ്.
8. വിത്തുകൾ ലഭിച്ചാലുടൻ തന്നെ അവയുടെ അങ്കുരണശേഷി വിതരണത്തിനുള്ള കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതാണ്. അങ്കുരണശേഷി കുറവെങ്കിൽ (80 ശതമാനത്തിൽ കുറവ്) ആയത് ഉടനെ തന്നെ വി.എഫ്.പി.സി.കെ. യേയും വെജിറ്റബിൾ സെല്ലിനെയും അറിയിക്കേണ്ടതാണ്.
9. സ്കൂൾ മേധാവിയുമായി ആലോചിച്ച് സ്കൂൾ അംസബ്ലിയിൽ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് നൽകേണ്ടതാണ്.
10. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, വി.എഫ്.പി.സി.കെ., കുടുംബശ്രീ തുടങ്ങിയ ഏജൻസികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

11. കൃഷി വകുപ്പിലെ എല്ലാ ഫിൽഡ് സ്റ്റാഫ്, (ആത്മ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, പച്ചക്കറി വികസന പദ്ധതി) കുടുംബശ്രീകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സജ്ജീവ പങ്കാളിത്തോടെ പച്ചക്കറി വിത്ത് വിതരണവും തുടർ നടപടികളും നിരീക്ഷിക്കേണ്ടതാണ്.

12. പരിപാടിയുടെ ഉദ്ഘാടനം വിപുലമായി നടത്തേണ്ടതാണ്. മന്ത്രിമാർ, എം.എൽ.എ. മാർ, എം.പി. മാർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

13. പഞ്ചായത്തിലെ കൃഷി ഭവൻ ഉദ്യോഗസ്ഥർ സ്കൂൾ അസംബ്ലിയിൽ പങ്കെടുത്ത് ജൈവ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സന്ദേശം നൽകേണ്ടതാണ്.

14. കുട്ടികളുടെ വീടുകളിൽ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളിലെ ഒരു ടീച്ചർക്ക് ആയതിന്റെ ചുമതല നൽകേണ്ടതാണ്. സ്കൂൾകുട്ടികൾ അവരുടെ പ്രോജക്ടിന്റെ ഭാഗമായി ജൈവ പച്ചക്കറി കൃഷി ഈ വിത്തുപയോഗിച്ച് വീടുകളിൽ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുവാൻ ടീച്ചർമാരെ ചുമതലപ്പെടുത്തുവാൻ ശ്രമിക്കുന്നത് പദ്ധതി വിജയകരമായി നടപ്പിലാക്കുവാൻ സഹായിക്കുന്നതാണ്.

15. സാങ്കേതീക സഹായങ്ങൾ ഉറപ്പാക്കാൻ കിസാൻ കോൾ സെന്ററിലെ സേവനം ലഭ്യമാക്കണം.

16. കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രം ഉൾപ്പെടയുള്ള ജില്ലാതല മൾട്ടി ഡിസിപ്ലിനറി ടീമിന്റെ (എം.ഡി.റ്റി) സേവനം ആവശ്യമുള്ളടുത്ത് ലഭ്യമാക്കേണ്ടതാണ്.

17. പദ്ധതി സംബന്ധിച്ച് പരാതികൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഇതിന്റെ ഉത്തരവാധിത്വം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് (ഹെഡ്ക്വോട്ടേഴ്സ്) നായിരിക്കും.

18. പദ്ധതി, കൃഷി എന്നിവയെ സംബന്ധിച്ച സംശയങ്ങൾ ദൂരികരിക്കുവാൻ ബന്ധപ്പെടുന്നതിനായി ഫോൺ നമ്പറുകൾ നൽകുകയും പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുകയും ചെയ്യണം.

19. ഫീൽഡ് തല പരിശോധനകൾ കൃഷി അസിസ്റ്റന്റുമാർ ചെയ്യേണ്ടതാണ്.

20. വിത്ത് വിതരണം ചെയ്തിന്റെ വിവരങ്ങൾ കൃഷി ഭവനിൽ സൂക്ഷിക്കേണ്ടതാണ്.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് ആയിരിക്കും. പദ്ധതി നിർവ്വഹണത്തിന്റെ ഉത്തരവാദിത്വം അതത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ആയിരിക്കും. ബന്ധപ്പെട്ട കൃഷി ഡപ്യൂട്ടി ഡയറക്ടർ (NWDPRA) പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകും. ജില്ല തല ടാർജറ്റ് **(അനുബന്ധം 1)** ചേർത്തിരിക്കുന്നു.

**ഒപ്പ്**
**കൃഷി ഡയറക്ടർ**

Senior Agricultural Officer(vc)
Directorate of AD & FWD
Vikas Bhavan Tvpm-33

To

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. പി.ഡി. ആത്മ
3. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ

**കോപ്പി ടു:-**

1. സി.എ. യുടെ പക്കൽ കൃഷി ഡയറക്ടർക്ക്
2. എല്ലാ അഡീഷണൽ ഡയറക്ടർമാരുടെയും സി.എ.
3. സി.എ. ടു കൃഷി ജോയിന്റ് ഡയറക്ടർ (വിസി)
4. പ്ലാനിംഗ് സെക്ഷൻ
5. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്. ഐ.ബി.
6. ഐ.റ്റി. സെൽ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
7. എസ്. ഡബ്യു സെക്ഷൻ

s

**ഹരിത കേരളം - ഓണത്തിനു ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്കു നൽകേണ്ട പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ എണ്ണം - ലക്ഷ്യം**

| ക്രമ നം. | ജില്ലയുടെ പേര് | വിത്തു പായ്ക്കറ്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 368000 |
| 2 | കൊല്ലം | 300000 |
| 3 | പത്തനംതിട്ട | 100000 |
| 4 | ആലപ്പുഴ | 210000 |
| 5 | കോട്ടയം | 200000 |
| 6 | ഇടുക്കി | 120000 |
| 7 | എറണാകുളം | 300000 |
| 8 | തൃശ്ശൂർ | 390000 |
| 9 | പാലക്കാട് | 405000 |
| 10 | മലപ്പുറം | 750000 |
| 11 | കോഴിക്കോട് | 430000 |
| 12 | വയനാട് | 122000 |
| 13 | കണ്ണൂർ | 325000 |
| 14 | കാസർഗോഡ് | 180000 |
| **ആകെ** | | **4200000** |

ഒപ്പ്

കൃഷി ഡയറക്ടർ

Senior Agricultural Officer(vc)
Directorate of AD & FWD
Vikas Bhavan Tvpm-33

## Table II.1

Annexure . I

NUMBER OF SCHOOLS FOR THE YEAR 2010-11

| DISTRICT | GOVERNMENT | | | | AIDED | | | | UNAIDED | | | | TOTAL | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | HS | UP | LP | T | HS | UP | LP | T | HS | UP | LP | T | HS | UP | LP | T |
| TVM | 119 | 98 | 299 | 516 | 95 | 101 | 180 | 376 | 43 | 27 | 27 | 97 | 257 | 226 | 506 | 989 |
| KLM | 79 | 60 | 267 | 406 | 131 | 139 | 190 | 460 | 17 | 17 | 27 | 61 | 227 | 216 | 484 | 927 |
| PTA | 48 | 43 | 167 | 258 | 111 | 86 | 235 | 432 | 9 | 14 | 23 | 46 | 168 | 143 | 425 | 736 |
| ALP | 59 | 69 | 192 | 320 | 129 | 77 | 197 | 403 | 8 | 11 | 21 | 40 | 196 | 157 | 410 | 763 |
| KTM | 60 | 67 | 168 | 295 | 166 | 128 | 266 | 560 | 21 | 11 | 24 | 56 | 247 | 206 | 458 | 911 |
| IDK | 71 | 28 | 83 | 182 | 73 | 63 | 136 | 272 | 12 | 4 | 8 | 24 | 156 | 95 | 227 | 478 |
| EKM | 87 | 91 | 181 | 359 | 175 | 103 | 270 | 548 | 52 | 22 | 30 | 104 | 314 | 216 | 481 | 1011 |
| TSR | 80 | 55 | 115 | 250 | 150 | 161 | 379 | 690 | 31 | 14 | 24 | 69 | 261 | 230 | 518 | 1009 |
| PKD | 81 | 43 | 194 | 318 | 79 | 159 | 349 | 587 | 36 | 16 | 15 | 67 | 196 | 218 | 558 | 972 |
| MLP | 86 | 109 | 348 | 543 | 85 | 222 | 477 | 784 | 83 | 35 | 27 | 145 | 254 | 366 | 852 | 1472 |
| KKD | 70 | 74 | 181 | 325 | 99 | 240 | 527 | 866 | 22 | 12 | 12 | 46 | 191 | 326 | 720 | 1237 |
| WYD | 52 | 25 | 88 | 165 | 23 | 40 | 52 | 115 | 5 | 3 | 4 | 12 | 80 | 68 | 144 | 292 |
| KNR | 84 | 76 | 114 | 274 | 80 | 280 | 607 | 967 | 23 | 19 | 10 | 52 | 187 | 375 | 731 | 1293 |
| KSD | 90 | 61 | 141 | 292 | 33 | 71 | 114 | 218 | 17 | 12 | 15 | 44 | 140 | 144 | 270 | 554 |
| **Total** | 1066 | 899 | 2538 | 4503 | 1429 | 1870 | 3979 | 7278 | 379 | 217 | 267 | 863 | 2874 | 2986 | 6784 | 12644 |



DPI - Statistics Division